**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

ധനകാര്യ വകുപ്പ് - ശമ്പളപരിഷ്കരണം 2019 - ഹോമിയോപ്പതി മെഡിക്കൽ കോളേജ് - മോർച്ചറി അറ്റൻഡർ തസ്തിക വകുപ്പിന്റെ ഷെഡ്യൂളിനു കീഴിൽ ഉൾപ്പെടുത്തി ഉത്തരവ് പുറപ്പെടുവിക്കുന്നു.

===================================================================

**ധനകാര്യ (പേ റിവിഷൻ സെൽ-ബി) വകുപ്പ്**

**സ.ഉ.(കൈ) നം. 89/2025/(84)/ധന** **തീയതി, തിരുവനന്തപുരം, 14/07/2025**

===================================================================

**പരാമർശം:-**1) സ.ഉ.(അച്ചടി) നം. 27/2021/ധന. തീയതി 10.02.2021

2) ഗവ. ഹോമിയോപ്പതിക് മെഡിക്കൽ കോളേജ് പ്രിൻസിപ്പാൾ & കൺട്രോളിംഗ് ഓഫീസറുടെ 13/05/2025 തീയതിയിലെ 2241/സി1/23/ജി.എച്ച്.എം.സി.റ്റി നമ്പർ കത്ത്.

**<u>ഉത്തരവ്</u>**

സംസ്ഥാന സർക്കാർ ജീവനക്കാരുടെയും അധ്യാപകരുടെയും ശമ്പളവും അലവൻസുകളും 01.07.2019 മുതൽ പരിഷ്കരിച്ച് പരാമർശം (1) പ്രകാരം സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചിരുന്നു. അതിൽ ഹോമിയോപ്പതിക് മെഡിക്കൽ കോളേജിന്റെ ഷെഡ്യൂളിനു കീഴിൽ മോർച്ചറി അറ്റൻഡർ തസ്തിക ഉൾപ്പെടുത്തിയിരുന്നില്ല. പ്രസ്തുത സാഹചര്യത്തിൽ ഹോമിയോപ്പതിക് മെഡിക്കൽ കോളേജ് വകുപ്പിൽ മോർച്ചറി അറ്റൻഡർ തസ്തികയിൽ ജോലി ചെയ്യുന്ന ജീവനക്കാരന്റെ സ്കെയിൽ ഓഫ് പേ, ഡെസിഗ്നേഷൻ എന്നിവ സ്പാർക്കിൽ ലഭ്യമായിരുന്നില്ല. ആയതിനാൽ മോർച്ചറി അറ്റൻഡർ തസ്തിക ശമ്പളപരിഷ്കരണ ഉത്തരവിൽ ഉൾപ്പെടുത്തി ഉത്തരവ് പുറപ്പെടുവിക്കണമെന്ന് ഗവ. ഹോമിയോപ്പതിക് മെഡിക്കൽ കോളേജ് പ്രിൻസിപ്പാൾ & കൺട്രോളിംഗ് ഓഫീസർ പരാമർശം (2) പ്രകാരം അഭ്യർത്ഥിച്ചിട്ടുണ്ട്.

2) സർക്കാർ ടി വിഷയം വിശദമായി പരിശോധിച്ചതിന്റെ അടിസ്ഥാനത്തിൽ പരാമർശം (1) ഉത്തരവിലെ ഹോമിയോപ്പതിക് മെഡിക്കൽ കോളേജിന്റെ ഷെഡ്യൂളിനു

കീഴിൽ മോർച്ചറി അറ്റൻഡർ തസ്തിക 23000-50200 ശമ്പളസ്കെയിലിൽ ചുവടെ പറയും പ്രകാരം ഉൾപ്പെടുത്തി ഉത്തരവ് പുറപ്പെടുവിക്കുന്നു.

| Name of Post | Existing Scale of Pay | Revised Scale of Pay |
|---|---|---|
| Mortuary Attender | 16500-35700 | 23000-50200 |

3) പരാമർശം (1) ഉത്തരവ് ടി ഉത്തരവ് തീയതി മുതൽ മേൽ ഭേദഗതികളോടെ നിലനിൽക്കുന്നതാണ്.

(ഗവർണ്ണറുടെ ഉത്തരവിൻപ്രകാരം)

**അഹമ്മദ് കബീർ. വൈ**

**അഡീഷണൽ സെക്രട്ടറി**

പകർപ്പ്:

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ&ഇ), കേരള, തിരുവനന്തപുരം

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ് II), കേരള, തിരുവനന്തപുരം

സെക്രട്ടറി, ആയുഷ് (ബി) വകുപ്പ്

പ്രിൻസിപ്പാൾ & കൺട്രോളിംഗ് ഓഫീസർ, ഗവ. ഹോമിയോപ്പതിക് മെഡിക്കൽ കോളേജ്, ഐരാണിമുട്ടം, തിരുവനന്തപുരം.

ട്രഷറി ഡയറക്ടർ, തിരുവനന്തപുരം

ചീഫ് പ്രോജക്റ്റ് മാനേജർ, സ്പാർക്ക് പി.എം.യു

വെബ് & ന്യൂ മീഡിയ, വിവര-പൊതുജനസമ്പർക്ക വകുപ്പ്

നോഡൽ ഓഫീസർ, www.finance.kerala.gov.in

സ്റ്റോക്ക് ഫയൽ / ഓഫീസ് കോപ്പി (**E-3097992** )

ഉത്തരവിൻപ്രകാരം

സെക്ഷൻ ഓഫീസർ